പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*397

14/11/2019-ൽ മറുപടിയ്ക്ക്

**വിദ്യാലയങ്ങളിലെ അക്കാദമിക മികവുയർത്തുന്നതിന് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. എൻ. വിജയൻ പിള്ള | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൂർണ്ണതയിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി മാനദണ്ഡ പ്രകാരം മതിയായ കുട്ടികളില്ലാത്ത സർക്കാർ, എയിഡഡ് വിദ്യാലയങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ; | (എ) 2019-20 അദ്ധ്യയന വർഷത്തെ മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. 2019-20 അദ്ധ്യയന വർഷം സർക്കാർ മേഖലയിൽ ആകെ 1483 വിദ്യാലയങ്ങളും എയ്ഡഡ് മേഖലയിൽ ആകെ 1669 വിദ്യാലയങ്ങളും ഉൾപ്പെടെ ആകെ 3152 വിദ്യാലയങ്ങൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളായി കണക്കാക്കിയിരുന്നു. |
| (ബി) ഇത്തരം വിദ്യാലയങ്ങളിലെ അക്കാദമിക മികവുയർത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാലയങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) ശാസ്ത്ര , സാങ്കേതികശാസ്ത്ര രംഗത്ത് ദ്രുതഗതിയിലുണ്ടാകുന്ന വികാസത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ വിജ്ഞാന ചക്രവാളം വികസിപ്പിക്കാൻ അധ്യാപകരെ പ്രാപ്തരാക്കാനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | (ഡി) അറിവിന്റെ മേഖലയിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള വളർച്ചയ്ക്കനുസരിച്ച് ആവശ്യമായ അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ നിരന്തരം നടത്തി വരികയാണ്. നൂതന ആശയങ്ങൾ സ്വാംശീകരിക്കുന്നതിന് അദ്ധ്യാപകർക്കു ആവശ്യമായ പിന്തുണ 'സമഗ്ര' പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പാഠഭാഗത്തിനും അനുയോജ്യമായ വിനിമയ തന്ത്രം സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുയോജ്യമായ ഐ.സി.ടി വിഭവങ്ങളും സമഗ്രയിൽ ലഭ്യമാണ്. ഇത്തരം പഠന വിഭവങ്ങൾ |

കാര്യക്ഷമമായി ക്ലാസ് മുറിയിൽ അവതരിപ്പിക്കുന്നതിനാവശ്യമായ പരിശീലനവും നൽകി വരുന്നു.

ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം (HSSTTP) എന്ന പരിശീലന പരിപാടിയിൽ ദേശീയ നിലവാരമുള്ള ശാസ്ത്ര പ്രതിഭകളെ കൊണ്ടുവന്ന്, ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന വിവരങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു.

(ഇ) എല്ലാ അധ്യാപകർക്കും രണ്ടാഴ്ച ദൈർഘ്യമുള്ള റെസിഡൻഷ്യൽ അധ്യാപക കോഴ്സുകൾ ആരംഭിക്കാൻ പരിപാടിയുണ്ടോ, വിശദമാക്കാമോ?

(ഇ) അറിവിന്റെ മേഖലയിലുണ്ടാകുന്ന അതിവേഗ മാറ്റത്തിനനുസരിച്ച് അദ്ധ്യാപകരെ സജ്ജരാക്കുന്നതിന് നിരന്തര പരിശീലനം നൽകി വരുന്നു. ഉള്ളടക്ക ധാരണ വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യ ഫലപ്രദമായി പാഠ്യപദ്ധതി വിനിമയത്തിന് ഉപയോഗിക്കുന്നതിനും ആവശ്യമായ പിന്തുണയും പരിശീലനവും അവധിക്കാലത്ത് അദ്ധ്യാപകർക്ക് നൽകുന്നുണ്ട്.

ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് 10 ദിവസം ദൈർഘ്യമുള്ള 'ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം' എന്ന റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് നൽകി വരുന്നു.

Namitha P

**സെക്ഷൻ ഓഫീസർ**